| 37 | 18/736 | Chilton Refrigeration (P)L |
| 38 | 18/744 | Eramath Oil Mill |
| 39 | 18/753 | Polycast Industries |
| 40 | 18/754A | Salshebeed,CR Engineers |
| 41 | 18/757 | M.O Philips Industries |
| 42 | 18/765 | Perfect Equipments |

| | | |
|---|---|---|
| 43 | 18/766 | Prism Cement Ltd |
| 44 | 18/790 | New Kerala Polymers |
| 45 | 18/792 | New Kerala Rubber Udyog |
| 46 | 18/796 | John G Engineering |
| 47 | 18/797 | Noel Palm Dale |
| 48 | 18/810 | Kingston Packings(P)L |
| 49 | 18/846 | Silver Stream Polymers |
| 50 | 18/847 | Bright Coats |
| 51 | 18/853 | Unipack India P L |
| 52 | 18/866 | Polymers And Industrial Chemicals |
| 53 | 18/871 | C G Lubricants |
| 54 | 18/875 | AK Chemicals |
| 55 | 18/879 | AES Industries |
| 56 | 18/896 | Copper Blues |

മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ്, യന്ത്രങ്ങളുടെ ഉപയോ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഒരു വാർഡിലെ സ്ഥാപനങ്ങളുടെ കേസ് മാത്രമാണ് ഇതിൽ വിശദീകരിച്ചിരിക്കുന്ന വാർഡുകളിലും ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള സ്ഥാപ കണ്ടെത്തി, പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)<u>ഓഡിറ്റോറിയങ്ങളിൽ നിന്ന് ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈട</u>
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങള ലൈസൻസ് ഫീ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഓഡിറ്റോറിയത്തിന്റെ പേര് |
|---|---|---|
| 1 | 18 | ഘനശ്യാം ഓഡിറ്റോറിയം, എടയാർ |
| 2 | 16 | സിംഫണി ഓഡിറ്റോറിയം |
| 3 | 17 | ചന്ദ്രശേഖരപുരം, ഊട്ടുപുര |
| 4 | 1 | കുന്നിൽ ക്ഷേത്രം, ഊട്ടുപുര |
| 5 | 17 | മുതുകാട് എൻ.എസ്.എസ് ഓഡിറ്റോറിയം |
| 6 | 5 | ശ്രീശങ്കര ഓഡിറ്റോറിയം, കി.കടുങ്ങല്ലൂർ |

6) 2019-20 ൽ 13 സ്ഥാപനങ്ങളിൽ നിന്നും 2020-21 ൽ 27 സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. 2020-21 ലെ അക്കൌണ്ട്സ് പ്രകാരം പാരാമെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 3200 രൂപ വരവുണ്ട്. എന്നാൽ ടി ഇ വ്യത്യസ്ത രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഇതിൽ ഒരു ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി 2016-17 വരെ ഉപ കൊണ്ടിരുന്ന രജിസ്റ്ററാണ്. ഒരേ ഇനത്തിന് 2 രജിസ്റ്റർ സൂക്ഷിച്ചതിന്റെ വ്യക്തമാക്കിയിട്ടില്ല. രജിസ്റ്റർ ക്ലോസ് ചെയ്ത് അക്കൌണ്ട്സുമായി പൊരുത്ത സൂക്ഷിച്ചതായും കാണുന്നില്ല. 2016-17 ന് ശേഷം ട്യൂട്ടോറിയൽ സ്ഥാപ രജിസ്റ്ററിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖ വരുന്നത്. പഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്ന് 2017-1 രജിസ്ട്രേഷൻ ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടുള്ളതായി കാ മേൽ അപാകതക്ക് നൽകിയിരിക്കുന്ന മറുപടിയിൽ 2019-20 സാമ്പത്തിക വർ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നു എന്നും 2020-21 ൽ 2019-20 ലെ പാരാമെഡിക്കൽ ലഭ്യമല്ലാഞ്ഞതിനാൽ 2020-21 ലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റ

ഉപയോഗിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. ആയത് ക്യാൻസൽ ചെയ്ത് 2019-20 ലെ
തന്നെ തുടർന്ന് ഉപയോഗിക്കുന്നതാണെന്ന് ബോധിപ്പിച്ചിരിക്കുന്നു. ഇത്ത
തോന്നുംവിധം രജിസ്റ്ററുകൾ മാറ്റുന്നത് ശരിയായ നടപടിയല്ല . ട്യൂ
സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീസോ തൊഴിൽ നികുതിയോ
വരുന്നില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സീറ്റാ സ്റ്റാർ കോച്ചിംഗ് സെന്റർ,
കടുങ്ങല്ലൂർ, മാർക്ക് അക്കാഡമി, മുപ്പത്തടം, പെർഫെക്ട് ടാലി അക്കാഡമി,
എന്നീ സ്ഥാപനങ്ങളിൽ നിന്നൊന്നും തൊഴിൽ നികുതി, ട്യൂട്ടോറിയൽ രജി
ഫീ എന്നീ ഇനങ്ങളിൽ തുക ഈടാക്കിയിട്ടില്ല. കോവിഡ് വ്യാപനം മൂ
സ്ഥാപനങ്ങൾ ടി വർഷം പ്രവർത്തിക്കാത്തതു മൂലമാണ് ഫീസ് അടവാക്കാ
എന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2019-20 ൽ ടി സ്ഥാപ
നിന്ന് ഫീസ് ഈടാക്കി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്ന
ഈടാക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
മേൽ അപാകതകൾക്ക് നൽകിയ എൻക്വയറി നം.29/29.11.2021 ന് ലഭ
മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ബാധകമായ നി
ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ
ഈടാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ട

## 1-15 കാലാവധി കഴിഞ്ഞ ചെക്കുകൾ - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ, ലെഡ്ജർ
പരിശോധിച്ചതിൽ, ചെക്ക് നൽകി മൂന്ന് മാസത്തിനു ശേഷവും പണം പിൻവ
ചെക്കുകൾ "Liability In Respect Of Stale Cheques" എന്ന ഹെഡിലേക്ക് മാറ്റേണ്ടതുണ്ട്
ചില ചെക്കുകൾ കാലാവധി കഴിഞ്ഞിട്ടും ടി ഹെഡിലേക്ക് മാറ്റിയതായി കാ
ആയതിന്റെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | വൌച്ചർ നം/ തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|---|
| 1 | 22000687/ 22.10.2020 | 10078520/ 06.10.2020 | 4213/- |
| 2 | 22000752/ 30.10.2020 | 10078570/ 23.10.2020 | 255/- |
| 3 | 22000756/ 30.10.2020 | 10080303/ 28.10.2020 | 3370/- |

മൂന്ന് മാസത്തിനു ശേഷവും പണം പിൻവലിക്കാത്ത ചെക്കുകൾ ബാദ്ധ
കണക്കാക്കി "Liability In Respect Of Stale Cheques" എന്ന ഹെഡിലേക്ക് സമയോ
മാറ്റേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിക്ക
താഴെപ്പറയുന്ന അപാകതകളുള്ളതായി കാണുന്നു.
1) ഫയൽ നടപടി ക്രമങ്ങൾ കൃത്യമല്ല

2020-21 സാമ്പത്തികവർഷം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച രജി
അപേക്ഷകളും പരിശോധിച്ചതിൽ ഫയലിംഗ് നടപടിക്രമങ്ങൾ
പാലിക്കാത്തതായും തീയതി സഹിതം ഫയലുകൾ സമർപ്പിക്കാത്തതുമായി

രജിസ്റ്റർ പ്രകാരം തൻവർഷം 279 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സർക്കുലർ നര
ആർഎ-1/2015/തസ്വഭവ പ്രകാരം കെട്ടിയ നിർമ്മാണ അപേക്ഷ ഫയലിൽ നോട്ട
കറസ്പോൺഡൻസ് ഭാഗവും ഉണ്ടാകേണ്ടതാണ്. എന്നാൽ കടുങ്ങല്ലൂർ പഞ്ചാ
ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷകൾ വരുന്ന സമയത്ത് ഓഫീസ്
ആരംഭിക്കുന്നില്ല. പെർമിറ്റ് അനുവദിക്കുന്ന സമയത്ത് ഓഫീസ് കുറിപ്പ് എന്ന്
ഒറ്റ പേജിൽ എല്ലാവരും ഒപ്പിട്ട് ഫയലിൽ ചേർത്തിട്ടിരിക്കുകയാണെന്നാണ
പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. സ്ഥല പരിശോധനയുടെ അ
റിപ്പോർട്ടിൽ ഓവർസീയർ മാത്രമാണ് ഒപ്പു വെക്കുന്നത്. അതിലാകട്ടെ
പരിശോധിച്ച് സ്ഥലപരിശോധന നടത്തിയ തീയതി, റിപ്പോർട്ട് ന
തീയതി,സർവ്വെ നമ്പർ, കെട്ടിടത്തിന്റെ ഉയരം, നിലകളുടെ എണ്ണം
രേഖപ്പെടുത്തുന്നില്ല. ഓവർസീയർ സമർപ്പിച്ചതായി ഫയലിൽ സൂക്ഷ
അന്വേഷണ റിപ്പോർട്ടിൽ ആരും തന്നെ മേലൊപ്പ് വെച്ച് സാക്ഷ്യപ്പെടു
യഥാസമയത്ത് സമർപ്പിച്ച റിപ്പോർട്ടാണ് ഫയലിൽ ഇട്ടിരിക്കുന്നത് എന്ന് കൃ
മനസ്സിലാക്കാൻ സാധിക്കുന്നില്ല. മിക്ക ഫയലുകളും പഞ്ചായത്തിലെ അ
എഞ്ചിനീയർ കണ്ടതായി ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച്
എൻകയറി (നം.17) ന് 23.12.2010 ലെ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ
ആർ/എ1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 300 ച.മീ ൽ കൂടു
വിസ്തീർണ്ണമുള്ള പെർമിറ്റ് അപേക്ഷകൾ മാത്രം എ.ഇ. പരി
സാക്ഷ്യപ്പെടുത്തിയാൽ മതി എന്ന സർക്കുലർ പ്രകാരം 300 ച.മീ ൽ കൂ
നിർമ്മാണങ്ങൾ മാത്രമേ അസി.എഞ്ചിനീയർ പരിശോധിക്കുന്നുള്ളൂ എന്ന് പ
മറുപടി നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്ലാനിലും പ
പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്ത ധാരാളം കേസുകൾ കാണുന്നു .ഉദാഹര
120 ച.മീ വീട് പണിയുന്നതിന് 22.05.2020 ൽ നൽകിയ പെർമിറ്റ് നമ്പർ A4-2597(
ഹാജരാക്കിയിട്ടുള്ള Proposed പ്ലാനിൽ ഓവർസീയറോ സെക്രട്ടറിയോ പരി
സർട്ടിഫൈ ചെയ്തിട്ടില്ല.
പെർമിറ്റ് നൽകിയതിന്റെ അതേ കോപ്പി ഫയലിൽ കൃത്യമായി സൂക്ഷിക്കേ
എന്നാൽ മിക്ക ഫയലിലും നൽകിയ പെർമിറ്റ് സെക്രട്ടറി ഇനീഷ്യൽ ചെ
ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ഫയൽ നടപടികൾ സുതാര്യമല്ലെന്ന് ക
സമർപ്പിതമായ ചില പ്ലാനുകളിൽ സ്ഥല ഉടമയുടെ ഒപ്പില്ലാത്തതായി ക
ഉദാഹരണമായി നം:BA-126/2020-21 Dtd:11.01.2021 പെർമിറ്റ് നൽകിയ
ശ്രീ.അബ്ദുൾ സലിം, കാട്ടിപ്പറമ്പിൽ എന്ന വ്യക്തി സമർപ്പിച്ച പ്ലാനിൽ ടി
വെച്ചിട്ടില്ല. പൂർണ്ണമായ പരിശോധനകൾ നടത്താതെയാണ് പെർമിറ്റ് അ
നൽകുന്നത് എന്ന് വ്യക്തമാണ്.

01.12.2020 ൽ ലഭ്യമായ ശ്രീ.വിജയൻ, പീനിക്കൽ വീട്, കി.കടുങ്ങ
വ്യക്തിയുടെ 624.07 ച.മീ (GF:162.72+FF:221.83+SF:221.83+Terrace Floor:17.69) ഉള്ള
കെട്ടിടം (ഗ്രൂപ്പ് F) നിർമ്മിക്കുന്നതിനുള്ള അപേക്ഷ ഓഫ് ലൈ
ലഭിച്ചിരിക്കുന്നത്. അപേക്ഷയിൽ കെട്ടിടത്തിന്റെ ഉയരം 9.90 മീറ്റർ ആ
രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ പ്ലാൻ പ്രകാരം ഉയരം 1
ആണ്. 13.09.2021 ൽ നൽകിയ A4-7088(156)/2020-21- ാം നമ്പർ ബിൽഡിംഗ്
പ്രകാരം കെട്ടിടത്തിന്റെ ഉയരം 16.35 മീറ്റർ ആണ്. ഇത്തരത്തിൽ 3 വ
കെട്ടിടത്തിന്റെ ഉയരം രേഖപ്പെടുത്തിയിരിക്കുന്നതിന് കാരണം വ്യക്തമാക
ബിൽഡിംഗ് പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരമാണെങ്കിൽ ടി
മീറ്ററിൽ കൂടുതലായതിനാൽ ചട്ടം 80 പ്രകാരം ഉയർന്ന കെട്ടിടങ്ങളുടെ ഗ
വരുന്നതും ചട്ടം 81 പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ
എന്നാൽ ഇത്തരം മാനദണ്ഡങ്ങൾ പാലിച്ചതായി ഫയൽ പരിശോധനയിൽ കാ

ഓവർസീയറും അസി.എഞ്ചിനീയറും ഒപ്പിട്ട് സമർപ്പിച്ചിരിക്കുന്നതായി
അന്വേഷണ റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തിയ തീയതി, റിപ്പോർട്ട്
തിയതി, സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉയരം, നിലകളുടെ എണ്ണം
രേഖപ്പെടുത്തിയിട്ടില്ല. സൂചനാ അപേക്ഷയിൽ ന്യൂനതകളുള്ളതായി
13.04.2021 ൽ A4-7088/2020 -ാം നമ്പറായി അപേക്ഷകന് കത്ത് നൽകിയി
കത്തിൽ തന്നെ എൽ.എസ്.ജി.ഡി ഓവർസീയർ പരിശോധന നടത്തിയത്
അപാകതകൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അസി.എഞ്ചിനീയർ
റിപ്പോർട്ടും സമർപ്പിച്ചതായി ഫയലിലില്ല. മേൽ ന്യൂനതകൾ പരിഹരിച്ചു
05.08.2021 ൽ രേഖകൾ ഹാജരാക്കിയെങ്കിലും അപ്പന്റിക്സ് A1ലുള്ള പുതുക്കിയ
സമർപ്പിച്ചിട്ടില്ല. ഈ സമയം സങ്കേതം സോഫ്റ്റ്‌വെയർ നിലവിലുള്ളതാണ
അതു മുഖേന പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുമില്ല. സങ്കേതം
ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ അപേക്ഷകരോട് നിഷ്ക്കർഷിക്ക
കാരണം ബോധ്യപ്പെടുത്തേണ്ടതാണ്. കൃത്യമായ ഓഫീസ് നോട്ട് എഴുതി സൂക
എല്ലാം കഴിഞ്ഞതിനു ശേഷം ഓഫീസ് നോട്ട് എന്ന് എഴുതി പെർമിറ്റ് അനുവ
കാണിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ 12.08.2021 ലെ എൽ.എ
എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഫീസ് ഈടാക്കി
അനുവദിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത
റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഓവർസീയറുടെ റിപ്പോർട്ട് ശരി വെച്ചു
എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഒപ്പ് വെച്ച് നൽകുന്നതല്ലാതെ എഞ്ചി
പ്രത്യേക റിപ്പോർട്ട് രേഖപ്പെടുത്താറില്ല എന്നാണ് പഞ്ചായത്ത്
നൽകിയിട്ടുള്ളത്. മാത്രമല്ല കെട്ടിടത്തിന് ബാധകമായ ഫീസ് കണക്കാക്കി
ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഓഫ് ലൈനായി സമർപ്പിക
അപേക്ഷകളിൽ ഒന്നിലും പെർമിറ്റ് ഫീസ് കണക്കാക്കുന്ന
രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ വളരെ അലക്ഷ്യമായാണ് ഫ
കൈകാര്യം ചെയ്തിട്ടുള്ളത്. ഫയൽ നടപടി ക്രമങ്ങൾ സുതാര്യമായിരിക്ക
പുലർത്തേണ്ടതാണ്.

2) സങ്കേതം മുഖേന സമർപ്പിക്കുന്ന പ്ലാനും ഹാർഡ് കോപ്പിയും
പൊരുത്തപ്പെടുന്നില്ല

ഉദാഹരണമായി 05.02.2021 ൽ ലഭിച്ച ദേവിപ്രിയ, മുല്ലേപ്പിള്ളി ഹൌസ്, കി.ക
എന്ന വ്യക്തിയുടെ A4-1083 -ാം നമ്പർ അപേക്ഷയ്ക്ക് നൽകിയ യഥാർത്ഥ ബ
പെർമിറ്റ് നമ്പർ A4-BA(44105)/2021 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം അനുവദിച്ച
നമ്പർ 215/20-21 എന്നാണ് രേഖപ്പെടുത്തുന്നത്. സങ്കേതത്തിൽ നിന്ന് ജനറേറ്റ്
പെർമിറ്റ് നമ്പർ തന്നെ രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിച്ചു കാ
ഓൺലൈനായി സമർപ്പിച്ച മേൽ അപേക്ഷയിൽ കമേഴ്ഷ്യൽ ബിൽ
ആവശ്യമായ സെറ്റ് ബാക്ക് രേഖപ്പെടുത്തിയിരിക്കുന്നത് തെററായാണ
ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഹാജരാക്കിയിട്ടുള്ള
കോപ്പിയിൽ കെ.പി.ബി.ആർ റൂൾ പ്രകാരമുള്ള സെറ്റ് ബാക്ക് അനുസ
ഡ്രോയിംഗ് ചെയ്തിരിക്കുന്നത്. സങ്കേതത്തിലെ ടി പിഴവ് തിരുത്ത
അപേക്ഷകക്ക് റിട്ടേൺ ചെയ്തു നൽകാവുന്നതാണെന്ന് 15.02.2021 ൽ സെക്ഷൻ
ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം റിട്ടേൺ ചെയ്തതിന്റെയോ ഓൺലൈൻ
പുന:സമർപ്പിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. 03.02.2021 ൽ സങ്കേ
സമർപ്പിച്ച അപേക്ഷ മാത്രമാണ് ഫയലിലുള്ളൂ. 20.02.2021 ൽ പെർമിറ്റ് അ
നൽകിയിട്ടുമുണ്ട്. ഓൺലൈനായി സമർപ്പിച്ച അപേക്ഷക്ക് ഹാർഡ് കോ
കെ.പി.ബി.ആർ പ്രകാരം ആവശ്യമായ സെറ്റ് ബാക്ക് രേഖപ്പെടുത്തിയതിനാ
പരിഗണിച്ചാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്ന് പഞ്ചായത്ത്

നൽകിയിരിക്കുന്നത്. ഇത്തരത്തിൽ തെറ്റായി ഓൺലൈൻ അപേക്ഷയിൽ വി നൽകുകയും ഹാർഡ് കോപ്പിയിൽ വ്യത്യസ്തമായ വിവരങ്ങൾ നൽ ചെയ്യുന്നതും രണ്ടിലും ഒരേ വിവരങ്ങൾ തന്നെയാണെന്ന് ഉറപ്പാക്കാതെ അനുവദിച്ച് നൽകുന്നതും ശരിയായ നടപടിയല്ല. ഇത്തരം അപ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. കംപ്ലീഷൻ സർട്ടിഫിക്കറ്റും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾ അപാകതകളില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

3)കംപ്ലീഷൻ പ്ലാൻ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല

കടുങ്ങല്ലൂർ വില്ലേജ് രേഖകൾ പ്രകാരം നിലം ആയി രേഖപ്പെടുത്തിയിട്ടുള നമ്പർ 49/3B-2-3 ൽ (തണ്ടപ്പേർ-22957) പെട്ട 4.90 ആർ (12 സെന്റ്) വിസ്തീർണ്ണമുള്ള പഴയ വീട് പൊളിച്ച് പുതിയ വീട് പണിയുന്നതിന് A4-5185(75)/2020-21-ാം നമ്പർ പ്രകാരം 12.01.2021ൽ അനുമതി നൽകിയിട്ടുണ്ട്. ശ്രീ.അബ്ദുൾ ജബ്ബാർ, കുണ്ടയ എടയാർ എന്ന വ്യക്തിയുടെ പേരിലുള്ള ടി സ്ഥലത്ത് (03.04.2006 ലെ ആധാ 2290/2006) നിലവിലുണ്ടായിരുന്ന 18/589 -ാം നമ്പർ കെട്ടിടം പൊളിച്ച് കളഞ്ഞ് 1 ഏരിയ ഉള്ള പുതിയ വീട് പണിയുന്നതിനാണ് പെർമിറ്റ് അനുവദിച്ചിര സങ്കേതം വഴി അപേക്ഷ സമർപ്പിച്ചു കാണുന്നില്ല.അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം 144.57(GF(116.45)+FF(28.12)) ച.മീ വിസ്തീർണ്ണ പണിയുന്നതിനാണ് പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ പ്ലാൻ പഞ്ചാ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. 116.45 ച.മീ(ഗ്രൌണ്ട് ഫ്ലോർ മാത്രം) വിസ്തീ വീട് പണിയുന്നതിനുള്ള മറ്റൊരു പ്ലാൻ സമർപ്പിച്ചിട്ടുള്ളതായും ആയത് ഓവർ (തീയതി വെച്ച് ഒപ്പിട്ടിട്ടില്ല), സെക്രട്ടറിയും (13.01.2021 സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. യഥാർത്ഥത്തിൽ അപേക്ഷകൻ അപേക്ഷ സമർപ്പിച്ചത്, പ്ലാൻ മാറ്റി സമർപ്പിച്ചതിന്റെ വിവരങ്ങൾ ആവശ്യമായ യാതൊരു ഓഫീസ് നോട്ടുകളും ഫയലിൽ രേഖപ്പെടുത്ത മാത്രമല്ല ബിൽഡിംഗ് പ്ലാനിൽ Floor Area രേഖപ്പെടുത്തിയിട്ടില്ല. ബിൽഡ് അ Covered Area എന്നിവ മാത്രമാണ് കാണിച്ചിട്ടുള്ളത്. 18.11.2020 ൽ ഓ സ്ഥലപരിശോധന നടത്തി എന്ന് അന്വേഷണ റിപ്പോർട്ടിൽ കാണു സെക്രട്ടറിയോ എ.ഇ യോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാ 12.01.2021 ൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 13.01.2021 ലാ Planൽ സെക്രട്ടറി ഒപ്പിട്ടിരിക്കുന്നത്. 19.04.2021 ൽ കംപ്ലീഷൻ പ്ലാൻ, വില്ലേജിൽ ഫോം 3 മുതലായവ ഹാജരാക്കി പുതിയ കെട്ടിടത്തിന് നമ്പറിടുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പഞ്ചായത്തിലെ ആരു കണ്ടതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കംപ്ലീഷൻ പരിശോധിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തലുകളോടു കൂടാതെയ കെട്ടിടങ്ങൾക്കും നമ്പറിംഗ് നടത്തിയിട്ടുള്ളതായി പരിശോധനയിൽ കാണു കെട്ടിടത്തിന് 18/589A എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ ഉടമസ്ഥനിൽ നിന്ന് പൂരിപ്പിച്ചു വാങ്ങി സൂക്ഷിക്കേണ്ട ഫോറം 2 ലുള്ള വി ഫയലിൽ ലഭ്യമല്ല . സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച് ടി വിവരങ്ങളും ചേർത്തിട്ടില്ല. ഒക്യുപ്പൻസി സർട്ടിഫിക്കറ്റും നൽകിയിട്ടില്ല. പൊളിച്ചു കള അപേക്ഷകൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 18/589 -ാം നമ്പർ വാസഗൃഹം സോഫ്റ്റ്‌വെയർ പ്രകാരം ഇപ്പോഴും പഞ്ചായത്തിൽ നിലവിലുള്ള കാണുന്നത്. ഇപ്രകാരം Demolish ചെയ്ത കെട്ടിടങ്ങൾ സഞ്ചയയിൽ നിന്ന് ഒ വിവരം അറിയിക്കേണ്ടതാണ്.

4)സങ്കേതം സോഫ്റ്റ്‌വെയർ വഴി ഓൺലൈനായി പെർമിറ്റിനുള്ള അപേ സമർപ്പിക്കപ്പെടുന്നില്ല

പഞ്ചായത്തിൽ തൻവർഷം പരിശോധിച്ച മിക്ക അപേക്ഷകളും ഓൺ സങ്കേതം വഴി സമർപ്പിച്ചതായി കാണുന്നില്ല. ഉദാഹരണമായി 18.06 ഭുവനേന്ദ്രൻ.ടി.എൽ എന്ന വ്യക്തി സങ്കേതം മുഖേന അപേക്ഷ സമർപ്പ കാണുന്നുണ്ട്. ടിയാന് 22.12.2020 ൽ A4-3621(31)/2020-21 -ാം നമ്പറായി 119.60 പണിയുന്നതിന് ഓഫ് ലൈനായാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് .എന്നാ കാലയളവിൽ ലഭ്യമായ മിക്ക അപേക്ഷകളും ഓഫ് ലൈ ലഭിച്ചിരിക്കുന്നതായി കാണുന്നത്. 2019 ഡിസംബർ മുതൽ 2020 നവംബർ വ നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി നടക്കുന്നതിനാൽ സങ്കേതം സോഫ്റ്റ്‌വെ അപേക്ഷകൾ സ്വീകരിച്ചിരുന്നില്ല എന്ന് പഞ്ചായത്ത് ഇത് സംബന്ധിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിലും ഓൺലൈനായി സ്വീകരിക്കാൻ സാധിക്കുമായിരുന്നു എന്ന് മേൽ ഉദാഹരണത്തിൽ നിന്ന് വ്യ 2020 നവംബറിനു ശേഷവും ഇത്തരത്തിൽ സങ്കേതം വഴി അല്ലാതെ അപേ സ്വീകരിക്കുന്നതായും പെർമിറ്റുകൾ ഇഷ്യൂ ചെയ്യുന്നതായും കാണുന്ന അപേക്ഷകളും ഓൺലൈനായി സമർപ്പിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതു രജിസ്റ്ററിൽ രേഖപ്പെടുത്തി പോരേണ്ടതുമാണ്.

5)പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പെർമിറ്റ് അനുവദിച്ചു -

കടുങ്ങല്ലൂർ വില്ലേജിലെ സർവ്വേ നം:221/1-1-2-3 പ്രകാരം ശ്രീ.സതീഷ്കുമാർ.എ ശ്രീനിലയം എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം വില്ലേജ് രേഖകൾ പ്ര ആർ നിലം ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി സ്ഥലത്ത് 117.39 വാസഗൃഹം(A1) പണിയുന്നതിന് 14.10.2020 ൽ ഓഫ് ലൈനായി അപേക്ഷ ന പ്രകാരം 02.12.2020 ൽ A4-5805(101)/2020-21 ആയി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വില്ലേജിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. മാത്രമല്ല P ൽ ബിൽഡിംഗിന്റെ Floor Area, വാർഡ് നമ്പർ, Nearest Building Number രേഖപ്പെടുത്തിയിട്ടില്ല. 07.09.2021 ൽ ടിയാൻ കംപ്ലീഷൻ പ്ലാൻ, സർട്ടിഫിക്കറ്റ് സമർപ്പിച്ച് നമ്പർ ഇടുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാ തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയാണ് നമ്പർ (9/428A) അ നൽകിയിട്ടുള്ളത്. Proposed Plan പ്രകാരം FSI 0.58ഉം കവറേജ് 32.25% വും അ എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം FSI 0.57 ഉം കവറേജ് 31.95% വും ആണ്. ബി ഏരിയയും Floor Area യും 116.33 ച.മീ എന്നാണ് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിര രണ്ടും ഒന്നുതന്നെ ആകുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. നിർണ്ണയത്തിനായി ഫോറം 2ലുള്ള നിർണ്ണയ വിവരങ്ങളും അപേക്ഷകനി വാങ്ങി സൂക്ഷിച്ചിട്ടില്ല. മേൽ രേഖകളെല്ലാം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ട

6) പെർമിറ്റ് ഫീസ് കണക്കാക്കുന്നത് ഫയലിൽ രേഖപ്പെടുത്തുന്നില്ല.

ഓഫ് ലൈനായി അപേക്ഷകൾ പരിഗണിച്ചിരുന്ന സമയത്ത് അപേക്ഷകർ ഒ പെർമിറ്റ് ഫീസ് കണക്കാക്കുന്നത് ഓഫീസ് നോട്ടിൽ ക രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയലുകളുടെ പരിശോധനയിൽ ഒന്നില ബന്ധപ്പെട്ട സെക്ഷൻ ഫീസ് കണക്കാക്കി രേഖപ്പെടുത്തി കാണുന്നില്ല. അട രസീത് നമ്പറും മാത്രമാണ് അവസാനത്തിൽ രേഖപ്പെടുത്തുന്ന വിസ്തീർണ്ണത്തിനനുസരിച്ച് ഫീസ് കണക്കാക്കി ഫയൽ ന പൂർണ്ണമാക്കേണ്ടതാണ്.

7)റെഗുലറൈസേഷൻ നടത്തിയ കെട്ടിടത്തിന്റെ ഫീസ് ഈടാക്കിയ വിവരം ചേർക്കുന്നില്ല

പെർമിറ്റ് നമ്പർ A4-5806(102)/2020-21 തീ.02.12.2020 പ്രകാരം ശ്രീജ സതീഷ്, ശ്രീനില വ്യക്തിക്ക് നൽകിയിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് പ്രകാരം 117.24 ച.മീ വിസ്തീ A1 ഗണത്തിൽ പ്പെട്ട വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2.2 സ്ഥലത്തിന് 0.58 FSI ഉം 33.92% കവറേജും ആണ് പ്ലാൻ പ്രകാരം ഉണ്ടായിരുന്നത് ൽ പണി പൂർത്തിയാക്കി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം Built Up Area 13 Floor Area 138 ച.മീ ഉം എന്ന് കാണിച്ചിരിക്കുന്നു. ബിൽഡ് അപ് ഏരിയയ ഏരിയയും എപ്രകാരമാണ് തുല്യമായത് എന്ന് വ്യക്തമല്ല. മാത്രമല്ല, നൽകിയതിലും അധികരിച്ച് പണി പൂർത്തീകരിച്ചതിനാൽ അധികം ഏരിയക്ക് റെഗുലറൈസേഷൻ ഫീ ഈടാക്കി കെട്ടിട നമ്പർ അനുവദിക്കാൻ ൽ സെക്രട്ടറി ഫയലിൽ എഴുതിയിട്ടുണ്ട്. 9/428B എന്ന നമ്പറും കെ നൽകിയിട്ടുണ്ട്. എന്നാൽ റെഗുലറൈസേഷൻ ഫീസ് കണക്കാക്കിയതി ഈടാക്കിയതിന്റെയോ വിവരങ്ങൾ ഒന്നുംതന്നെ ഫയലിൽ നിന്ന് റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ചതിനെ തുടർന്ന് 24.09.2021 ലെ 121150102 രസീത് പ്രകാരം 146 രൂപ ഒടുക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് മറുപടി നൽക കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ നടത്തുന്നതു വരെയുള്ള എല്ലാ വിവരങ്ങളും ഫയലിൽ കൃത്യമായി നോട്ട് ഉൾപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

## 1-17 കടത്ത് സർവ്വീസ് സംബന്ധിച്ച അപാകത

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള സർവീസുകൾ നടത്തുവാനായി 6 വ്യക്തിക്കൾക്ക് അനുവാദം കൊടു കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | കടത്ത് സർവ്വീസുകൾ | കടത്ത് സർവീസുകൾ നടത്തുവാനായി അനുവാദം ലഭിച്ച വ്യക്തികൾ |
|---|---|---|
| 1 | എടയാർ - ഏലൂർപ്പള്ളി | ശ്രീ.സി.ബി.കുഞ്ഞു മുഹമ്മദ് |
| 2 | കുഞ്ഞുണ്ണിക്കര -കുരീക്കോടത്ത് | ശ്രീ.അബ്ദുൾ അസീസ് |
| 3 | കുഞ്ഞുണ്ണിക്കര -പറമ്പത്ത് | ശ്രീ.കെ.എം.ഷംസു |
| 4 | ഉളിയന്നൂർ - പുളിഞ്ചോട് | ശ്രീ.ടി.എൽ. സെബാസ്റ്റ്യൻ |
| 5 | കയന്റിക്കര – ഐ.എ.സി കടവ് | ശ്രീ.വേലായുധൻ |
| 6 | കയന്റിക്കര – ചൂർണ്ണിക്കര | ശ്രീ.സുരേന്ദ്രൻ കൊമ്പത്തിപ്പറമ്പ് |

മേൽ സൂചിപ്പിച്ച വ്യക്തികൾക്ക് കടത്ത് സർവ്വീസ് നടത്തുവാൻ നൽകിയിരുന്നു. എന്നാൽ ടി വ്യക്തികളുമായി കരാർ ഉടമ്പടി ചമച്ചതായി കാ ഇത് സംബന്ധിച്ച് 29.11.2021 നൽകിയ എൻക്വയറി നം 36 ന് മറുപടി ലഭ്യമാക 2020-21 സാമ്പത്തിക വർഷത്തിലേക്ക് വിവിധ കടത്ത് സർവ്വീസ് നടത്തുന്നതി രൂപയുടെ വീതം മുദ്രപത്രം വാങ്ങി സൂക്ഷിച്ചിരുന്നെങ്കിലും മുദ്രപത്രത്തിൽ ടൈപ്പ് ചെയ്ത് സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും, ടി അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വർഷങ്ങളിൽ കടത്ത് സർവ്വീസ് നടത്തുന്നതിനായി അനുമതി നൽകുമ്പോ വ്യക്തികളുമായി കരാർ ഉടമ്പടി ചമക്കേണ്ടതാണ്.

## 1-18 വിശദമായ വിനിയോഗ വിവരം ഹാജരാക്കിയില്ല(എസ്.എസ്.

| | |
|---|---|
| പ്രോജക്ട് | എസ് എസ് എ വിഹിതം, S0002/2020 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 424504/-(വികസന ഫണ്ട്) |
| ചെലവ് വിവരം | 424504/- |
| ബിൽ നമ്പർ/ തീയതി | 24/20-21,12.01.2021 |

മേൽ പദ്ധതി പ്രകാരം 424504/-രൂപ എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോർഡി നൽകിയിട്ടുണ്ട്. എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം യൂണിഫോം, അധ്യാപകർക്കുള്ള ട്രെയിനിംഗ്, സ്പോർ ഫിസിക്കൽ എജ്യൂക്കേഷൻ, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് തുടങ്ങി ഇനങ്ങൾക്കുള്ള പ്രതീക്ഷിത ചെലവ് തുകയാണ് 424504/-രൂപ. 29.01.2018 ലെ ഉത്തരവ്(കൈ)11/2018/ത.സ്വ.ഭ.വ നമ്പരായുള്ള പതിമൂന്നാം പഞ്ചവത്സര വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) എസ്.എസ്.കെ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നു അത്തരത്തിലുള്ളൊരു പങ്കാളിത്തം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു

ഉണ്ടായിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീത് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് വിശദീകര് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകവയറി(നം.09/23.11.2021) നൽകിയതിന് മറുപടി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദമായ വിനിയോഗ സാ എസ്.എസ്.കെ പ്രോജക്ട് കോർഡിനേറ്ററിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(കേരള വാട്ടർ അതോറിറ്റി)

| ക്രമ നം | പ്രൊജക്ട് | തുക | ബിൽ നം/ തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | പടിഞ്ഞാറേ കടുങ്ങല്ലൂർ തതാക്കര റോഡ് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,S0006/2021 അടങ്കൽ- 128000 (ധനകാര്യകമ്മീഷൻ അവാർഡ്) | 128000 | 08/20-21,07.09.2020 | കേരള വാട്ടർ അതോറിറ്റി, കൊച്ചി-18 |
| 2 | വാർഡ് 14 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ,S0282/2021 അടങ്കൽ- 129000 (ധനകാര്യകമ്മീഷൻ അവാർഡ്) | 129000 | 05/20-21,12.08.2020 | കേരള വാട്ടർ അതോറിറ്റി, കൊച്ചി-18 |
| | ആകെ | 257000 | | |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപ്പറഞ്ഞ പ്രവൃത്ത വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധന ഹാജരാക്കുവാൻ ഓഡിറ്റ് എൻകവയറി(നം.8/23.11.2021) മുഖേന ആവശ്യ തൃപതികരമായ മറുപടി ലഭിച്ചില്ല. ആയത് ഹാജരാക്കുന്നതു വരെ 257000/- ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(ജനറൽ),65/21 |
| നിർവ്വഹണം | വി.ഇ.ഒ, കടുങ്ങല്ലൂർ |
| അടങ്കൽ | 9200000 |
| ചെലവ് | 4773332 |

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്ന പദ്ധ 2020-21 ൽ ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയതിൽ സ്റ്റാമ്പ് ഡ്യൂട്ടി കൂടി സ്ഥലവിലയ്ക്ക എല്ലാ ഗുണഭോക്താക്കളും അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കു

| ഗുണഭോക്താവ് | വില്പനക്കാരൻ | ബിൽ നം/ തീയതി/ തുക | ആധാരം നം | ഗുണഭോക്താവ് വാങ്ങിയ മുദ്രപത്രത്തിന്റെ വില |
|---|---|---|---|---|
| ബിന്ദു ബാബു, പുത്തൻവീട്, കയന്റിക്കര | ബിന്ദു, വഴങ്ങാട്ടിൽ, ഐരാപുരം | 5/20-21, 22.06.20/ രണ്ട് ലക്ഷം | 1823/1/20/ 04.06.2020 | 16200 |
| അബ്ദുൾ ഹമീദ്, കളരിപ്പറമ്പിൽ, മുപ്പത്തടം | അബ്ദുൾ ഖാദിർ, ചുപ്രാൽ, വാരപ്പെട്ടി | 06/20-21, 16.07.20/ രണ്ട് ലക്ഷം | 1003/20/18.06.2020 | 16200 |

| | | | | |
|---|---|---|---|---|
| ശശിധരൻ നായർ, പുക്കാട്ട്, കടുങ്ങല്ലൂർ | പത്രോസ്, കളപ്പുരയ്ക്കൽ, വലമ്പൂർ | 09/20-21, 14.08.20/ രണ്ട് ലക്ഷം | 1888/1/20, 05.06.20 | 16200 |
| മായ പി എം, കുന്നത്ത്പറമ്പ്-പ്ലാക്കപറമ്പ്, പടിഞ്ഞാറേ കടുങ്ങല്ലൂർ | സെബാസ്റ്റ്യൻ, പേരേപ്പറമ്പിൽ, കൊടുവഴങ്ങ, ആലങ്ങാട് | 11/20-1, 14.08.20/ രണ്ട് ലക്ഷം | 1188/1/20, 05.07.20 | 26150 |
| രതീഷ്കുമാർ&മണിക്കുട്ടി, കുന്നുമ്മൽ, എടയാർ, മുപ്പത്തടം | പത്രോസ്, കളപ്പുരയ്ക്കൽ, മഴുവന്നൂർ | 12/20-1, 14.08.20/ രണ്ട് ലക്ഷം | 1887/1/20 | 16200 |
| ആബിദ ബഷീർ, ചീനംകോട്, എടയാർ, മുപ്പത്തടം | പത്രോസ്, കളപ്പുരയ്ക്കൽ, മഴുവന്നൂർ | 12/20-1, 14.08.20/ രണ്ട് ലക്ഷം | 2114/1/20 | 16200 |
| രാജേശ്വരി ആർ,വാരിക്കാട്ട് തോപ്പിൽ, പടിഞ്ഞാറേ കടുങ്ങല്ലൂർ | ജയൻ വി എ,വഴങ്ങാട്ടിൽ, ഐരാപുരം | 14/20-1, 21.08.20/ രണ്ട് ലക്ഷം | 2396/20, 23.07.20 | 16200 |
| ബിന്ദു മോഹനൻ, അറയ്ക്കപ്പറമ്പിൽ, മുപ്പത്തടം | ശിവരാമൻ നായർ, മടത്തിക്കുടി, മേതല | 17/20-1, 16.09.20/ രണ്ട് ലക്ഷം | 111/1/20, 21.08.20 | 16200 |

1) സ.ഉ(ആർ.ടി)നം.296/2019/ത.സ്വ.ഭ.വ, തീയതി 12.02.2019, 2) സ.ഉ(പി)നം. 09/20 തീയതി 30.01.2020, 3) സ.ഉ(പി)നം.113/2020/ടാക്സസ്, തീയതി 08.09.2020, സ.ഉ(പി)നം ടാക്സസ്, തീയതി 08.09.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ധനസഹായത്തിൽ വാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവു നിർവ്വഹണോദ്യോഗസ്ഥൻ പ്രസ്തുത വിവരം ഗുണഭോക്താക്കളെ അറിയിക്ക വീഴ്ച വരുത്തിയതു കാരണമാണ് ഗുണഭോക്താക്കൾക്ക് പ്രസ്തുത ഉത്ത ആനുകൂല്യം നഷ്ടപ്പെടുവാൻ ഇടയായത്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമ ഓഡിറ്റ് എൻക്വയറി(നം.22/25.11.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറു മേൽപ്പറഞ്ഞിട്ടുള്ള രണ്ട്, മൂന്ന് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സ്റ്റാ രജിസ്ട്രേഷൻ ഫീസ് എന്നിവ ഉൾപ്പെടെ തുക നൽകേണ്ടി വന്നതെന്ന് വിശ സർക്കാർ നിർദ്ദേശമനുസരിച്ച് ഭാവിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി-വീടിന്റെ നിർമ്മാണം പൂർത്തീകരിക്ക സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവന പദ്ധതി(എസ്.സി),310/21,76/21 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുപ്പത്തടം |
| അടങ്കൽ | 1)2700000<br>2)5600000 |
| ചെലവ് വിവരം | 1)2500000<br>2)1060000 |

ഗ്രാമപഞ്ചായത്തിൽ ലൈഫ് വീടുകളുടെ നിർമ്മാണത്തിനായി ആവിഷ്ക മേൽ പ്രോജക്ടുകൾ. വിവിധ ഘട്ടങ്ങളിൽ വീടിന്റെ നി പൂർത്തീകരിക്കുമ്പോൾ ആകെ 4 ലക്ഷം രൂപ ഗഡുക്കളായി സബ്സിഡി നൽക ചെയ്യുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം വരെയും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | എഗ്രിമെന്റ് തീയതി | നാളിതു വരെ |
|---|---|---|---|

| | | | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീമതി ബിന്ദു സുനിൽ, ഉമ്മറത്ത് പാടം, പടിഞ്ഞാറേ കടുങ്ങല്ലൂർ | 18.12.2019 | 200000 |
| 2 | ശ്രീമതി ജിനി മനോജ്, ഹരിജൻ കോളനി, മുപ്പത്തടം | 18.12.2019 | 200000 |
| 3 | ശ്രീമതി സ്വപ്ന സുധീഷ്, ചെമ്മാംകുഴിയിൽ,മുപ്പത്തടം | 18.12.2019 | 40000 |

മേൽ ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ എൻക്വയറി(നം.7/23.11.2011)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്ന വിശദീകരിക്കുകയുണ്ടായി. ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 കാഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം./പേര് | S0285/21, കളക്ടേഴ്സ് സ്ക്കൂൾ |
| അടങ്കൽ | 127200(വികസന ഫണ്ട്) |
| നിർവ്വഹണം | വി ഇ ഒ,കടുങ്ങല്ലൂർ |
| ചെലവ് തുക ബിൽ നം./ തീയതി | 1)95383/-,01/20-21,20.04.2020<br>2)31794/-,31/20-21,05.02.2021 |

2020-21 വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ ‘കളക്ടേഴ്സ് സ്ക്കൂൾ’ എന്ന പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് വെയ്സ്റ്റ് ബിന്നുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.
ഈ പദ്ധതി പ്രകാരം 24 വെയ്സ്റ്റ് ബിന്നിന്റെ വിലയായി 127177/- രൂപ ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് (ക നൽകിയിട്ടുണ്ട്. 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്യിട്ടുള്ള ഏജൻസികളിൽ സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്ര അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്' എന്ന് നിഷ്കർഷിച്ചി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, ആർട്ടിസാൻസ് ഡവലപ്മെന് ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്ന് വെയ്സ്റ്റ് ബിൻ ടെണ്ടർ കൂടാതെ നേരിട്ട് വാ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.32/29.11.202 ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഇത്തരം അപ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-23 സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി വാഹനം വാങ്ങ

| | |
|---|---|
| പ്രോജക്ട് | ബഡ്സ് സ്ക്കൂളിന് പുതിയ ബസ് വാങ്ങൽ, 292/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1700000 |
| ചെലവ് വിവരം/ ചെക്ക് നം | 1)184207/20.10.2020- 195000/-<br>2)184207/20.10.2020-1500000/-<br>1695000/- |

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്ക്കൂളിലേക്ക് പുതിയ ബസ് വാങ്ങുന്ന ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ബസിന് 1628047/-രൂപയും (28% ജി.എസ്.ടി ഉ കാട്ട് ചെയ്ത വിലയ്ക്കൊപ്പം റോഡ് ടാക്സ്, അഡീഷണൽ ഫിറ്റിംഗ്സ് എന്നിവ

66953/-രൂപയും അടവാക്കിയിട്ടുണ്ട്. 31.03.2006 ലെ സർക്കാർ ഉത്തരവ് (എം.എ
നമ്പർ ഉത്തരവ് പ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ
അനുമതി ആവശ്യമാണ്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാ
മറ്റേതൊരാവശ്യത്തിനാണെങ്കിലും അനുമതി തേടേണ്ടതാണ്. സബ് സിഡി മ
22/18 ഖണ്ഡിക 8.11ലും ആയത് നിഷ്കർഷിച്ചിട്ടുണ്ട്.
ഉത്തരവ്(എം.എസ്)നം.195/2018/ത.സ്വ.ഭ.വ, തീയതി 29.12.2018 പ്രകാരം കുടുംബ
നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വി
വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബഡ്സ് സ്ക്കൂളുകൾക്ക്
രൂപയിൽ അധികരിക്കാതെ കുടുംബശ്രീ നൽകുന്ന ഫണ്ടിൽ നിന്നു
വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 16.01
5(2)നമ്പർ തീരുമാനമനുസരിച്ചും, 28.02.2019 ലെ 7-ാം നമ്പർ തീരുമാന പ്രക
സീറ്റുള്ള ബസ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും താഴെപ്പറയു
ഡീലർമാർ സമർപ്പിച്ച വിലയുടെ വിവരം താഴെ ചേർക്കുന്നു.

| ഡീലർ | ടെണ്ടറിൽ ക്വാട്ട് ചെയ്ത വില |
|---|---|
| പൂങ്കുടി മോട്ടോഴ്സ്(പ്രൈ) ലിമിറ്റഡ്, ഇടപ്പിള്ളി | 1406771 |
| വഞ്ചിനാട് മോട്ടോഴ്സ്, തിരുവനന്തപുരം | 1413900 |
| ജോഷ് മോട്ടോഴ്സ്, ആലപ്പുഴ | 1413300 |

എന്നാൽ ഈ ടെണ്ടർ നടപടികൾ പൂർണ്ണമായും നിരസിക്കുകയാണ് ചെയ്തത്
നിരസിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ലാത്തതാണ്. ആദ്യം 15 ലക്ഷം
അധികരിക്കാത്ത വാഹനം വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു
കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോർഡിനേറ്ററുടെ 08.03.2019 ലെ നം.7
കെ എസ് ഇ കെ എം കത്തിൽ 17 ലക്ഷം രൂപയ്ക്ക് വാഹനം വാങ
നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ കൂടി അധികമായി ചെ
വാഹനം വാങ്ങുകയാണ് ചെയ്തത്. 15 ലക്ഷം രൂപയിൽ അധികരിച്ച് വരു
പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തദ്ദേശ സ്വയം ഭരണ
വഹിക്കേണ്ടതാണെന്ന നിർദ്ദേശം ഈ കത്തിൽ നൽകിയിരുന്നു.
വാങ്ങുന്നതിന് Gem സോഫ്റ്റ്‌വെയർ മുഖേന ശ്രമിച്ചുവെങ്കിലും സാധിച്ചില്ല
02.06.2020 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് ഇ-ടെണ്ടർ മുഖേന
വാങ്ങുന്നതിന് തീരുമാനിക്കുകയാണ് ചെയ്തത്. അതനുസരിച്ച് വള്ളൂർ
മരത്താക്കര, തൃശൂർ (ML ISUZU-ക്വാട്ട് ചെയ്ത തുക - 1695000/-രൂപ), പോപ്പുല
മോട്ടോഴ്സ്, മാമംഗലം, പാലാരിവട്ടം(TATA WINGER-ക്വാട്ട് ചെയ്ത തുക- 15976
സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയുണ്ടായി. എന്നാൽ (TATA WINGER-159
സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് കുറവാണങ്കിലും ഈ വാഹനത്തിന് ആവ
സൗകര്യം കുറവാണെന്നതിനാൽ ഒഴിവാക്കുകയും, വള്ളൂർ മോട്ടോഴ്സ്, മര
നിന്നും വാഹനം വാങ്ങുകയാണ് ചെയ്തത്. സർക്കാർ നിർദ്ദേശത്തിന് വിറ
കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോർഡിനേറ്ററുടെ ഒരു കത്തി
നിർദ്ദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധ
ലക്ഷം രൂപയിൽ അധികരിച്ച് വാഹനം വാങ്ങിയത് വിശദീകരിക്കുവാൻ
എൻക്വയറി (നം.10/23.11.2021) മുഖേന ആവശ്യപ്പെട്ടതിന് എല്ലാ സൗകര്യ
വാഹനം വാങ്ങണമെന്ന ഉദ്ദേശത്തോടെ ചെയ്തതാണെന്ന് അറിയിക്കുകയുണ്
നടപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. സർക്കാർ നൽകിയ നിർദേ
വിരുദ്ധമായി വാങ്ങൽ നടപടിയ്ക്ക് സർക്കാർ സാധൂകരണം തേടേണ്ടതാണ്.

## 1-24 കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ, 428/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 80938(തനത് ഫണ്ട്) |
| ചെലവ് വിവരം,ചെക്ക് നം/ തീയതി | 80938/-(184256/15.01.2021) |

പഞ്ചായത്ത് ഓഫീസിലേക്ക് രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ആവിഷ്ക ഈ പ്രോജക്ട്. കെൽട്രോണിൽ നിന്നുള്ള 07.01.2021 ലെ പ്രഫോർമ ഇൻവേ അടിസ്ഥാനത്തിലും, പഞ്ചായത്ത് കമ്മിറ്റിയുടെ 12.01.2021 ലെ തീരുമാന അടിസ്ഥാനത്തിലുമാണ് Acer കമ്പനിയുടെ കമ്പ്യൂട്ടർ വാങ്ങിയത്. കെൽട്രോ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 80938/-രൂപ ഗ്രാമപ നൽകിയെങ്കിലും അവസാന ബിൽ തുക 76532/-രൂപയുടേതാണ്. അതായത് കെൽട്രോണിന് അധികമായി ലഭിച്ചിട്ടുണ്ട്. ഈ അപാകത വിശദീകരിക്കുവാ എൻക്വയറി (നം.11/23.10.2021) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറു സി.പി.ആർ.സി.എസ്. പോർട്ടലിൽ നിന്ന് വാങ്ങുമ്പോൾ 5 വർഷ ഓൺസൈറ് ലഭിക്കുമെന്നും ആയത് കെൽട്രോണിന്റെ ബാധ്യതയാണെന്നും അറിയിച്ചു. ആയത് ഉറപ്പുവരുത്തുന്നതിന് കരാർ കെൽട്രോണുമായി ഗ്രാമപ ചമച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. അധികമായി നൽകിയ കെൽട്രോണിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ

## 1-25 ലൈഫ് ഭവന പദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ- ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവന പദ്ധതി- ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ, S0073/21 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മുപ്പത്തടം |
| അടങ്കൽ | 3375000/- |
| ചെലവ് വിവരം(ബിൽ നം/ തീയതി) | 225000/-(05/20-21,11.11.2020) |

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂരഹിതരായ സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ ശ്രീ സനീഷ് ടി എസ്, തച്ച കയന്റിക്കര, മുപ്പത്തടം എന്ന ഗുണഭോക്താവും ഉൾപ്പെട്ടിരുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതു പ്രകാരം ശ്രീ സനീഷ് ടി എസിന് ലഭിച്ച ഭൂമി സ്വത്തായി ലഭിച്ചതാണെന്ന് വ്യക്തമാണ്. ലൈഫ് സമ്പൂർണ്ണ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗരേഖ സ.ഉ(എം.എ /2017/ത.സ്വ.ഭ.വ തീയതി 31.07.2017 ലെ ഖണ്ഡിക 5.1.1 പ്രകാരം വീടും സ്വന്തമായി ഇല്ലാത്തവരും, ഭൂമി പാരമ്പര്യ ന ലഭിക്കാനിടയില്ലാത്തവരെയുമാണ് ഗുണഭോക്താവായി തെരഞ്ഞെടുക്കേ നിർദ്ദേശിച്ചിട്ടുണ്ട്. അവകാശികൾക്ക് ഭൂമി ഭാഗം ചെയ്യുന്ന അവസരത്തിൽ പേരിൽ സാങ്കേതികമായി ഭൂമി ലഭിക്കുവാൻ സാധ്യതയില്ല എന്ന നിർവ്വഹണോദ്യോഗസ്ഥൻ/ നിർവ്വഹണോദ്യോഗസ്ഥ ഉറപ്പു വരുത്തേണ്ടതുമാ ഗുണഭോക്താവിന് പാരമ്പര്യ സ്വത്തായി ഭൂമി ലഭിക്കുവാൻ സാധ്യതയ കാര്യം നിർവ്വഹണോദ്യോഗസ്ഥ ഉറപ്പു വരുത്തിയിട്ടില്ലായെന്ന് വ്യ ആയതിനാൽ മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ എൻക്വയറി(നം.04/22.11.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ

പാരമ്പര്യമായി ലഭിച്ചതല്ലായെന്ന് വ്യക്തമാക്കുകയുണ്ടായി. എന്നാൽ റവന്യൂ പ്രകാരം ഈ ഗുണഭോക്താവിന് പാരമ്പര്യമായി ഭൂമി ലഭിക്കുവാൻ അവ എന്ന് വ്യക്തമാണ്. ആയതിനാൽ അനർഹമായി ലഭിച്ച 225000/-രൂപയുടെ ആ തടസ്സം ചെയ്യുന്നു.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | തെരുവ് വിളക്ക് സ്ഥാപിക്കൽ,246/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 379011 |
| ചെലവ് വിവരം(ബിൽ നം./ തീയതി) | 365040/- (02/20-21,21.05.2020) |

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്ന സിംഗിൾ ട്യൂബ് സെറ്റ് വാങ്ങുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്റ്റ്. പിന്നീട് LED തെരുവു വിളക്കുകൾ 135 എണ്ണം ടെൻഡർ കൂടാതെ കാസർ ക്രൂസിൽ നിന്നും 30.01.2020 ൽ ചമച്ച 09/19-20 കരാർ പ്രകാരം വാങ്ങ ചെയ്തിട്ടുള്ളത്. എൽഇഡി (ഓട്ടോമാറ്റിക്) ലൈറ്റുകൾ ലൈറ്റ് ഒന്നിന് നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഈ വാങ്ങലിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) 12% GST ഉൾപ്പെട്ട നിരക്കാണ് ക്രൂസിന്റെ ബിൽ തുകയിൽ ഉൾപ്പെടുത്തി സപ്ലൈ കരാർ പ്രകാരമുള്ള മൂല്യം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബാധകമായ സാധനസേവനങ്ങളുടെയും സപ്ലൈ സ്വീകരിക്കുന്നതിന് ടി ബാധകമാണ്. സപ്ലൈയർക്ക് നൽകുന്ന നികുതി ഒഴികെയുള്ള തുക തുകയാണ് ടി.ഡി.എസ് ആയി പിടിക്കേണ്ടത്. ക്രൂസിൽ നിന്നും മേ പ്രൊജക്ടിനായി ടി.ഡി.എസ് ഒഴിവാക്കി നൽകിയതിന് വിശ നൽകേണ്ടതാണ്. ക്രൂസിനെ ജി.എസ്.ടി ഈടാക്കുന്നതിൽ ഒഴിവാക്കിനൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേ തെരുവുവിളക്കിന്റെ റിപ്പയറിങ്ങ് ജോലികൾ നികുതി രഹിതമാണെന്ന സേവനനികുതി കമ്മീഷണറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ആയി ഗ്രാമപഞ്ചായത്ത് കുറവ് ചെയ്യേണ്ടിയിരുന്ന തുക ഈടാക്കിയതിന്റെ അറിയിക്കേണ്ടതാണ്.

2) സ്റ്റോർപർച്ചേസ് മാനുവലിലെ ഖണ്ഡിക 19.3 ൽ സ.ഉ(പി) നം.7/2019 എ തീയതി. 26.04.2019 പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കേരളത്തിലെ സ്ഥാപനങ്ങൾ 25,000 രൂപയ്ക്ക് മുകളിൽ നടത്തുന്ന എല്ലാ വാങ്ങലുകളും GeM നടത്തണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരമുള്ള നടപടിയിൽ GeM മുഖേന വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ എൻകയറി(നം.15/24.11.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ജ ക്രൂസ് എന്ന സ്ഥാപനം കൃത്യമായി അടയ്ക്കുന്നതാണെന്ന് വിശദീകരിച്ചു. ടി.ഡി.എസ് സപ്ലൈറിൽ നിന്ന് ഈടാക്കി ഗ്രാമപഞ്ചായത്ത് അതാത് ഹെ അടയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ ഈ സ്ഥാപനത്തി ടി.ഡി.എസ് ആയി ലഭിക്കേണ്ട തുക ലഭിക്കുന്നതിനാവശ്യമായ ന സ്വീകരിക്കേണ്ടതും, സ്റ്റോർപർച്ചേസ് മാനുവലിലെ ഖണ്ഡിക 19.3 ൽ സ.ഉ(പി)

എസ്.പി.ഡി, തീയതി. 26.04.2019 പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് വാ
നടത്തേണ്ടതുമാണ്.

## 1-27 നിലം ആയ സ്ഥലത്ത് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങ്

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട ഭൂരഹിതരാ ഗുണഭോക്താക്കൾക്ക് 2012 സാമ്പത്തിക വർഷം 3 സെന്റ് സ്ഥലം വീതം ക ഭാഗത്ത് വാങ്ങി നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നിലം ആ അവിടെ വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കാതിരുന്നതിനാൽ പിന്ന ചർച്ചകളുടെയെല്ലാം അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ഏഴ് പേർ ഗ്രാമപഞ്ചാ സറണ്ടർ ചെയ്തു കൊടുക്കുകയും ചെയ്തു. തുടർന്ന് ഗ്രാമപഞ്ചായത്തിലെ ത തുരുത്തിൽ ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യങ്ങളെ തുടർന്ന് 5 സെ വീതം മേൽപ്പറഞ്ഞ 7 ഗുണഭോക്താക്കൾക്ക് ജില്ലാ പട്ടിക ജാതി വികസ സെന്റിന് 3.75ലക്ഷം രൂപ നൽകി വാങ്ങി നൽകുകയായിരന്നു. വിശദ വിവ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാങ്ങിയ സ്ഥലത്തിന്റെ വിവരം (സർവ്വേ നം,വില്ലേജ്,സ്ഥലത്തിന്റെ വിസ്തീർണ്ണം) | ലൈഫ് ഭവന നിർമ്മാണത്തിനായി ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സ്വപ്ന സുധീഷ്, ചെമ്മംകുഴി വീട്, എരമം,മുപ്പത്തടം | 157/2A.4.3,കടുങ്ങല്ലൂർ, 2.02ആർ,നിലം | 4 ലക്ഷം |
| 2 | വിശാലു സുരേന്ദ്രൻ, കാരോത്ത്കുന്ന്,മുപ്പത്തടം | 157/2A.7.3,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |
| 3 | ഷേർലി മണി, കളപ്പുര വടക്കേപ്പറമ്പ്, ഏലൂക്കര,മുപ്പത്തടം | 157/2A.7.5,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |
| 4 | മായ മഹേഷ് കെ ടി, കാട്ടിപ്പറമ്പിൽ, മുപ്പത്തടം | 157/2A.7,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |
| 5 | ബിന്ദു സുനിൽ പി സി, ഉമ്മരത്ത് പാടം, പടിഞ്ഞാറേ കടുങ്ങല്ലൂർ | 157/2A.7,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |
| 6 | സിന്ധു കെ കെ, കാട്ടിപ്പറമ്പിൽ,മുപ്പത്തടം | 157/2A/7/7,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |
| 7 | ജിനി മനോജ്, ഹരിജൻ കോളനി മുപ്പത്തടം | 157/2A-7-2,കടുങ്ങല്ലൂർ, 2.02ആർ,നിലം | ,, |

എന്നാൽ ഈ ഭൂമിയും നിലം തന്നെയാണ്. ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾ ഈ 7 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് അനുവദിച്ചിരുന്നുവെങ്കിലും 4 പേർ മാത്രമാണ് നിർമ്മാണം ആരംഭിച്ചത്. ബാ 3 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഓഡിറ്റിന്റെ സ്ഥല പരിശോധനയിൽ ഈ സ്ഥലം പൂർണ്ണമായും വെള്ള നിൽക്കുന്ന നിലമാണെന്നും, ഈ സ്ഥലത്തേക്ക് എത്തിച്ചേരുന്നതി സൌകര്യങ്ങൾ ഇല്ലായെന്നും ബോധ്യമാവുകയുണ്ടായി. എസ്.സി വിഭ ലഭിക്കുന്ന ഗ്രാന്റ് ഏത് വിധേനെയും ചെലവഴിക്കുന്നതിന് ആവിഷ്കരിച്ചതാണോ മേൽ പ്രോജക്ട് എന്ന് വിശദീകരിക്കുവാൻ ഓഡിറ്റ് എ മുഖാന്തിരം ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. എസ്.സി വിഭ ലഭിക്കുന്ന ഗ്രാന്റുകൾ ശരിയായ രീതിയിൽ വിനിയോഗിക്കേണ്ടതാണ്.

## 1-28 മഴക്കാല പൂർവ ശുചീകരണം- റീഫണ്ട് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും മഴക്കാല പൂർവ ശു പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി തനത് ഫണ്ട് വിഹിതം 5000/-, ശുചി

വിഹിതം 10,000/- ഉൾപ്പെടെ വാർഡൊന്നിന് 15000/- രൂപ നിരക്കിൽ നഗ
തനതുഫണ്ടിൽ നിന്നും 3,15,000/-രൂപ വൗച്ചർ നം 22000208, 209 തീയതി 3.6.2020
പിൻവലിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ആകെ നൽകിയ 3,15,000/-രൂപയുടെ വിനിയോഗ വിവരവും ചെലവു
പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശുചിത്വമിഷനിൽ നിന്നും ത
തിരികെ ലഭിക്കാനുള്ള 2,10,000/- രൂപ ലഭ്യമാക്കുവാൻ വേണ്ട നടപടിയെടുക്കേ

## 1-29 പട്ടികജാതി വിഭാഗത്തിനുള്ള കുടിവെള്ള ഗാർഹിക കണക്ഷ മൂല്യനിർണ്ണയം നടത്താതെ യഥാർത്ഥ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S0297/21, കുടിവെള്ള ഗാർഹിക കണക്ഷൻ |
| അടങ്കൽ | 68,640/- (പ്രത്യേക ഘടക പദ്ധതി വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 56,700/- |

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗ
നടപ്പിലാക്കിയ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രൊജക്ടിന്റെ ഭാഗമാ
കാണും വിധം 5 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ട്രഷറി ബിൽ നം, തീയതി |
|---|---|---|---|
| 1 | കുമാരൻ എം.സി | 8500 | 07/15.06.20- 27,000/- |
| 2 | ചന്ദ്രൻ | 18500 | |
| 3 | സരോജിനി പി.കെ | 11000 | 16/26.09.20- 11,000/- |
| 4 | കാർത്തു | 7500 | 23/24.02.21- 18,700/- |
| 5 | ഗിരീശൻ എൻ.കെ | 11200 | |
| ആകെ | | 56,700 | |

13-ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക6.6 പ്രകാരം കുടിവെള്ള ഗാർഹിക ക
നൽകുന്നതിന് (വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മുഖേന) പൊതുവിഭ
പരമാവധി 5000/- രൂപയും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് യഥാർത്ഥ
നൽകാവുന്നതാണ്. മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾ പട്ടികജാതി വി
ആയതിനാൽ കുടിവെള്ള കണക്ഷന് വേണ്ടി ചെലവായ യഥാർത
നൽകാവുന്നതാണ്. എന്നാൽ തുക നൽകിയതിന് ആധാരമാക്കിയിര
പ്രവൃത്തി ചെയ്ത പ്ലംബറുടെ സാക്ഷ്യപത്രം മാത്രമാണ്.
